ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള പ്രവേശനത്തിനായി എപ്പോഴെല്ലാം എൻട്രൻസ് പരീക്ഷകൾ നടത്തി;

(ബി) ഇതിൽ ഏതിനെല്ലാം റീ കൗൺസിലിംഗ് വേണ്ടതായി വന്നു;

(സി) അതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) ഈ ന്യൂനതകൾക്കുള്ള ഉത്തരവാദിത്വം ആർക്കെല്ലാമായിരുന്നു എന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് സംബന്ധിച്ച് അന്വേഷണം നടത്താത്തപക്ഷം അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996, 97, 98, 99 എന്നീ വർഷങ്ങളിൽ പ്രവേശന പരീക്ഷ നടത്തി.

(ബി) 1998-ലും 1999-ലും റീ കൗൺസിലിംഗ് വേണ്ടി വന്നു.

(സി) 1998-ൽ ചില പ്രോസ്പെക്ടസ് വ്യവസ്ഥകൾ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടതിനെ തുടർന്നും 1999-ൽ ചോദ്യത്തിനും മാതൃകാ ചോദ്യത്തിനും തെറ്റു കടന്നു കൂടിയതു കണ്ടെത്തിയതിനെ തുടർന്നുമാണ് റീകൗൺസിലിംഗ് വേണ്ടി വന്നത്.

(ഡി) ഇക്കാര്യത്തിൽ പ്രത്യേകിച്ചന്വേഷണത്തിന്റെ ആവശ്യമുള്ളതായി കണ്ടില്ല.

(ഇ) ഉദിക്കുന്നില്ല.

71 (490) എൻട്രൻസ് പരീക്ഷയുടെ ചോദ്യ പേപ്പർ

ശ്രീ. എം. മുരളി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990-ലെ എഞ്ചിനീയറിംഗ്, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് നടത്തിയ എൻട്രൻസ് പരീക്ഷയുടെ ചോദ്യ പേപ്പർ തയ്യാറാക്കിയത് ആരാണ്;

(ബി) ചോദ്യങ്ങളിൽ തെറ്റു വരുത്തിയത് സംബന്ധിച്ച് ചോദ്യപേപ്പർ തയ്യാറാക്കിയവരുടെ പേരിൽ എന്ത് നടപടിയെടുത്തെന്ന് വിശദമാക്കുമോ;

(സി) ഒരു നടപടിയും എടുത്തില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ വർഷങ്ങളിലെപ്പോലെ അന്യസംസ്ഥാനങ്ങളിലുള്ള വിദഗ്ധന്മാരാണ് 1999 ലെയും പ്രവേശന പരീക്ഷാ ചോദ്യപേപ്പറുകൾ തയ്യാറാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപടിയെന്നോണം പ്രവേശന പരീക്ഷാ സംബന്ധമായ ജോലികൾ മേലിൽ പ്രസ്തുത ആൾക്കാരെ ഏല്പിക്കുന്നതല്ല എന്നു തീരുമാനിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

72 (491) എഞ്ചിനീയറിംഗ് മെഡിക്കൽ എൻട്രൻസ് പരീക്ഷ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് പരീക്ഷയുടെ ആൻസർ സ്ക്രിപ്റ്റ് റീവാല്യൂ ചെയ്തതിന്റെ ഫലമായി എഞ്ചിനീയറിംഗ് മെഡിക്കൽ എന്നീ വിഷയങ്ങളിൽ നേരത്തെ പ്രവേശനം ലഭിച്ചതോ പിന്നീട് പ്രവേശനം ലഭിക്കാതായിരുന്നതോ ആയ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാതെ വന്നിട്ടുണ്ട്;

(ബി) എത്ര പേർക്ക് റാങ്കിംഗിൽ വ്യത്യാസം വന്നിട്ടുണ്ട്;

(സി) എഞ്ചിനീയറിംഗ് വിഷയങ്ങളിൽ പ്രവേശനം ലഭിച്ച എത്ര പേർക്ക് വിഷയങ്ങളിൽ മാറ്റം വന്നിട്ടുണ്ട്?

ഉത്തരം

(എ) എഞ്ചിനീയറിംഗ്/മെഡിക്കൽ എൻട്രൻസ് പരീക്ഷയുടെ ആൻസർ സ്ക്രിപ്റ്റ് റീവാല്യൂ ചെയ്ത് റാങ്ക് പുനർ നിർണ്ണയം ചെയ്തതു കൊണ്ട് മാത്രം നേരത്തെ പ്രവേശനം ലഭിച്ചവർക്ക് പിന്നീട് ഏതെങ്കിലും പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല.

(ബി) റാങ്ക് പുനർക്രമീകരണത്തിന്റെ ഫലമായി 1212 പേരൊഴികെ മറ്റെല്ലാവർക്കും റാങ്കിൽ വ്യത്യാസം വന്നിട്ടുണ്ട്.

(സി) 33 പേർക്ക്.

73 (493) റിസർവേഷനിൽ കൃത്രിമം കാണിച്ചതായ പരാതി

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം നടന്ന മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ വിജയികളായ പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക് അർഹമായ സീറ്റുകൾ തട്ടിയെടുക്കുന്നതിന് റിസർവേഷൻ ലിസ്റ്റിൽ കൃത്രിമം കാണിച്ചുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെറിറ്റ് ലിസ്റ്റിൽ പേരു വരേണ്ട വിദ്യാർത്ഥികളെ റിസർവേഷൻ ലിസ്റ്റിൽപ്പെടുത്തി റിസർവേഷന്റെ ഗുണം കിട്ടേണ്ട വിദ്യാർത്ഥികളെ ഒഴിവാക്കി ഉദ്യോഗസ്ഥർ കൃത്രിമം കാണിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

LIBRARY ARCHIVES Kerala Legislative Assembly